## പത്രക്കുറിപ്പ്

### നോർക്ക-റൂട്ട്സ് പ്രവാസി സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു

ഇന്ത്യയിലും വിദേശത്തും പ്രവാസികളുടെ ഉന്നമനത്തിനായി സജീവമായും കാര്യക്ഷമമായും നിലകൊള്ളുന്ന സംഘടനകളുടെ പ്രവർത്തനം നോർക്ക-റൂട്ട്സ് ഏകോപിപ്പിക്കുന്നു. സാധാരണ സാഹചര്യങ്ങളിലും പ്രവാസികൾ ഗുരുതരമായ പ്രശ്നങ്ങളിൽപ്പെടുമ്പോഴും ഇത്തരം സംഘടനകൾ മുഖ്യമായ പങ്കാണ് വഹിക്കുന്നത്. പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഇത്തരം സംഘടനകളുടെ ഒരു ശൃംഖല രൂപപ്പെടുത്തി അവരുടെ കഴിവുകൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇതിലൂടെ തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ പ്രയോജനകരമായി പ്രവാസികൾക്ക് ലഭ്യമാക്കാൻ അവർക്ക് സാധിക്കും. ഇതിലേയ്ക്കായി മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്ന വിശ്വാസ്യത ഉള്ള സംഘടനകളെ കണ്ടെത്താൻ നോർക്ക-റൂട്ട്സ് ഒരുങ്ങുന്നു. ഇന്ത്യയിലും വിദേശത്തും പ്രവർത്തിക്കുന്ന താത്പര്യമുള്ള പ്രവാസി സംഘടനകൾക്ക് നാമനിർദേശം സമർപ്പിക്കാം. സംഘടനയുടെ പേര്, വിലാസം, ഭാരവാഹികൾ, ഫോൺ നമ്പരുകൾ, ഇ-മെയിൽ, പ്രവർത്തന മേഖല, പ്രവർത്തന രീതി, പ്രവർത്തന കാലം, അംഗങ്ങളുടെ എണ്ണം, രജിസ്ട്രേഷൻ, അനുബന്ധ സംഘടനകളുടെ വിവരങ്ങൾ എന്നിവ നാമനിർദ്ദേശത്തോടൊപ്പം നൽകണം. ഒപ്പം പ്രവാസി സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രവാസികളിൽ നിന്നും സംഘടനകളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, നാലാം നില, സെന്റർ പ്ലാസ, വഴുതയ്ക്കാട്, തിരുവനന്തപുരം-14 (ഫോൺ: 04712332416, 2332452) വിലാസത്തിലോ mail@norkaroots.net ഇ-മെയിലിലോ സമർപ്പിക്കാം. അപേക്ഷാഫാറം ചുവടെ

http://www.norkaroots.net/applicationfornetworkingofassociations.pdf

തിരുവനന്തപുരം
26.05.2010